# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3248** **11.12.2014-ൽ മറുപടിക്ക്**

## കാസർഗോഡ്-മംഗലാപുരം ദേശീയപാത

| ചോദ്യം<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | കാസർഗോഡ്-മംഗലാപുരം ദേശീയപാത കുണ്ടും കുഴിയും നിറഞ്ഞു മാസങ്ങളായി ഗതാഗതയോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാസർഗോഡ് - മംഗലാപുരം ദേശീയ പാതയുടെ ചില ഇടങ്ങളിൽ റോഡിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അതിപ്രധാനമായ പ്രസ്തുത പാത അവഗണിക്കപ്പെടാൻ എന്താണ് കാരണം; ഇതിന്റെ അറ്റകുറ്റ പണികൾ നടത്തി ഗതാഗതയോഗ്യമാക്കാൻ സർക്കാർ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; ഇതിനുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക വ്യക്തമാക്കാമോ? | (ബി) | തലപ്പാടി മുതൽ ഉപ്പള വരെ (കി.മീ 18/050 മുതൽ 29/000 വരെ) പുതുക്കുന്നതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ഉപ്പള മുതൽ കുമ്പള വരെയുള്ള ഭാഗം (കി.മീ 29/000 മുതൽ 41/000 വരെ) 2012-ൽ ഉപരിതലം പുതുക്കിയതാണ്. ഈ പ്രവൃത്തി കരാറുകാരന്റെ ഗ്യാരന്റി പീരിയഡിൽ വരുന്ന ഭാഗമായതിനാൽ കേടുപാടുകൾ തീർക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. കുമ്പള ടൗണിൽ വീതി കൂട്ടി ഇന്റർലോക്ക് ചെയ്യുന്നതിനും കുമ്പള, ഷിറിയ, നീലേശ്വരം എന്നീ പാലങ്ങളുടെ നവീകരണ ജോലിയുടെയും എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ